REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 24-09-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **UP , ഗ്രേറ്റർ നോയിഡയിൽ ബസിന് തീപിടിച്ച് ഒമ്പതു പേർ മരിച്ചു. സംഭവത്തിൽ രാഷ്ട്രപതിയും, ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും ദുഃഖമറിയിച്ചു.**
- **ഒമാന്റെ കിഴക്കൻ തീരത്ത് 'എംവി കേപ് ഡാവോ' വാണിജ്യ കപ്പലിന് നേരെയുണ്ടായ ആക്രമണത്തെ, ഇന്ത്യ അപലപിച്ചു.**
- **പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത് ഈ മാസം 27-ന്.**
- **18-ാമത് കേരള രാജ്യാന്തര ഡോക്യൂമെന്ററി ഹ്രസ്വ ചലച്ചിത്ര മേളയ്ക്ക് നാളെ തിരുവനന്തപുരത്ത് തുടക്കമാകും.**
- **ഏഷ്യൻ ഗെയിംസിൽ വനിതകളുടെ 60 കിലോ വുഷുവിൽ റോഷിബിന ദേവിക്ക് വെള്ളിമെഡൽ.**

## വാർത്തകൾ വിശദമായി

ഉത്തർപ്രദേശിൽ ഗ്രേറ്റർ നോയിഡയിൽ സ്ലീപ്പർ ബസിന് തീപിടിച്ച് ഒമ്പതു പേർ മരിച്ചു. യമുന എക്സ്പ്രസ് വേയിൽ ദയാനത്പൂർ ഗ്രാമത്തിനു സമീപം രാത്രിയാണ് സംഭവം. 35 യാത്രക്കാരാണ് ബസിലുണ്ടായിരുന്നത്. എമർജൻസി എക്സിറ്റിലൂടെ മറ്റ് യാത്രക്കാർ പുറത്തേക്ക് ചാടി രക്ഷപ്പെട്ടു.

സംഭവത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി എന്നിവർ അനുശോചിച്ചു. മരിച്ചവരുടെ കുടുംബങ്ങളെ അനുശോചനം അറിയിച്ച നേതാക്കൾ, പരിക്കേറ്റവർ വേഗത്തിൽ സുഖം പ്രാപിക്കട്ടെയെന്ന് പ്രാർത്ഥിച്ചു. മരിച്ചവരുടെ ബന്ധുക്കൾക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട്

ലക്ഷം രൂപ വീതം ധനസഹായം നൽകുമെന്ന് പ്രധാനമന്ത്രി പ്രഖ്യാപിച്ചു. പരിക്കേറ്റവർക്ക് അമ്പതിനായിരം രൂപ വീതവും നൽകും.

✪✪✪

ഒമാന്റെ കിഴക്കൻ തീരത്ത്  'എംവി കേപ് ഡാവോ' വാണിജ്യ കപ്പലിന് നേരെയുണ്ടായ ആക്രമണത്തെ, ഇന്ത്യ അപലപിച്ചു. കപ്പലിലുണ്ടായിരുന്ന 20 ഇന്ത്യൻ നാവികരിൽ ഒരാൾ കൊല്ലപ്പെട്ടതായും, 19 പേരെ രക്ഷപ്പെടുത്തിയതായും വിദേശകാര്യമന്ത്രാലയം അറിയിച്ചു.

ഒമാനിലെ ഇന്ത്യൻ എംബസി സാഹചര്യം, സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്നും, ഇന്ത്യൻ നാവികരെ എത്രയും വേഗം നാട്ടിലെത്തിക്കുന്നതിന് ഒമാനുമായി ചേർന്ന് സജീവമായി പ്രവർത്തിക്കുന്നുണ്ടെന്നും മന്ത്രാലയം വ്യക്തമാക്കി. ഒമാൻ ഭരണകൂടത്തിന്റെ സഹകരണത്തിന് മന്ത്രാലയം നന്ദി അറിയിച്ചു.

ഈ മേഖലയിൽ വാണിജ്യ കപ്പലുകൾക്ക് നേരെയുണ്ടാകുന്ന തുടർച്ചയായ ആക്രമണങ്ങൾ അതീവ ആശങ്കാജനകമാണെന്ന് മന്ത്രാലയം വിലയിരുത്തി.

✪✪✪

ഇന്ന് ലോക മാരിടൈം ദിനം. അന്താരാഷ്ട്ര സമുദ്ര സംഘടനയുടെ ആഭിമുഖ്യത്തിൽ, സെപ്റ്റംബർ മാസത്തെ അവസാന വ്യാഴാഴ്ചയാണ് ദിനം ആചരിക്കുന്നത്. "നയങ്ങളിൽ നിന്ന് പ്രവൃത്തിയിലേക്ക് മാരിടൈം മികവ് ശക്തിപ്പെടുത്തുന്നു" എന്നതാണ് 2026-27 വർഷങ്ങളിലെ പ്രമേയം.

സംസ്ഥാന ഗവൺമെന്റ് ഇന്ന് കൊച്ചിയിൽ ലോക മാരിടൈം ദിനാഘോഷം സംഘടിപ്പിക്കും. സമാപന സമ്മേളനം  മുഖ്യമന്ത്രി VD സതീശൻ ഉദ്ഘാടനം ചെയ്യും.

✪✪✪

ഇന്ത്യയുടെ സമുദ്രമേഖല, രാജ്യത്തിന്റെ പുരോഗതിക്ക് ശക്തമായ അടിത്തറയാണെന്ന് കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ പറഞ്ഞു. അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം, നയപരമായ പരിഷ്കാരങ്ങൾ, 'നാവികർക്ക് മുൻഗണന' എന്നീ ഉറച്ച കാഴ്ചപ്പാടിലൂടെയാണ് ഈ രംഗത്തെ വളർച്ചയെന്ന് ലോക മാരിടൈം ദിനത്തോടനുബന്ധിച്ച് അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ

കീ ബാത്ത് ഈ മാസം 27-ന്. പരിപാടിയുടെ 138-ാം പതിപ്പാണിത്. ആശയങ്ങളും നിർദേശങ്ങളും NaMo App, MyGov എന്നിവയിലൂടെയും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയും നാളെ വരെ പങ്കുവയ്ക്കാം.

✪✪✪

ടൂറിസം വാണിജ്യ മേള കേരള ട്രാവൽ മാർട്ടിന്റെ 12 ആം പതിപ്പിന്, ഇന്ന് കൊച്ചിയിൽ തുടക്കമാകും. വൈകിട്ട് മുഖ്യമന്ത്രി VD സതീശൻ ഉദ്ഘാടനം ചെയ്യും. മന്ത്രി PC വിഷ്ണുനാഥ് അധ്യക്ഷനാകുന്ന ചടങ്ങിൽ, മന്ത്രി എം ലിജു മുഖ്യാതിഥിയാകും. നാളെ മുതൽ ഈ മാസം 27 വരെ വെല്ലിങ്ടൺ ഐലൻഡിൽ, മാർട്ടിന്റെ ഭാഗമായി ബിസിനസ് കൂടിക്കാഴ്ചകളും പ്രദർശനവും നടത്തും.

✪✪✪

ESA വിഷയത്തിൽ ജനവാസ കേന്ദ്രങ്ങളും, CHR പ്രദേശങ്ങളും പൂർണ്ണമായും ഒഴിവാക്കി നിർദ്ദേശങ്ങൾ സംസ്ഥാനം കേന്ദ്ര ഗവണ്മെന്റിന് സമർപ്പിക്കുമെന്ന് മുഖ്യമന്ത്രി VD സതീശൻ അറിയിച്ചു. 8,590 ചതുരശ്ര കിലോമീറ്റർ പരിധിയിൽ 98 വില്ലേജുകൾ എന്ന നിലപാടിൽ മാറ്റമില്ലെന്നും, ഇത് സംബന്ധിച്ച് മുഖ്യമന്ത്രിതലത്തിൽ ചർച്ചകൾ തുടരുകയാണെന്നും VD സതീശൻ തിരുവനന്തപുരത്ത് വ്യക്തമാക്കി.

✪✪✪

ജനങ്ങളുടെ താമസസ്ഥലങ്ങളും ജീവനോപാധികളും സംരക്ഷിക്കുക എന്നതാണ് കോൺഗ്രസിന്റെ പ്രധാന ഉത്തരവാദിത്തമെന്ന് പാർട്ടി ജനറൽ സെക്രട്ടറിയും MPയുമായ പ്രിയങ്ക ഗാന്ധി വയനാട്ടിൽ പറഞ്ഞു. പരിസ്ഥിതി ലോല മേഖലയിലെ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ ഗൗരവതരമാണെന്നും, ഇത് കോൺഗ്രസ്സ് ഏറെ പ്രാധാന്യത്തോടെയാണ് കാണുന്നതെന്നും പ്രിയങ്ക വ്യക്തമാക്കി.

കേന്ദ്ര ഗവണ്മെന്റുമായി ചർച്ച നടത്തി വിഷയം വിശദമായി പരിശോധിക്കുമെന്ന് മുഖ്യമന്ത്രി വിഡി സതീശൻ വ്യക്തമാക്കിയിട്ടുണ്ടെന്നും പ്രിയങ്ക ഗാന്ധി അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് സെപ്തംബർ മാസത്തെ ക്ഷേമപെൻഷൻ വിതരണം തുടങ്ങി. ഇതിന് സംസ്ഥാന ഗവണ്മെന്റ് 1,068 കോടി രൂപയാണ് അനുവദിച്ചത്.

✪✪✪

വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ നവീകരിച്ച ഡിജിറ്റൽ പ്ലാറ്റ്ഫോമായ VACB സ്യൂട്ട് 3.ഒ നാളെ മന്ത്രി രമേശ് ചെന്നിത്തല തൈക്കാട് പൊലീസ് ട്രെയിനിംഗ് കോളേജിൽ ഉദ്ഘാടനം ചെയ്യും.

വിജിലൻസ് കേസുകളുടെ അന്വേഷണത്തിനും ഏകോപനത്തിനും വികസിപ്പിച്ച സംയോജിത ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് VACB സ്യൂട്ട് 3.ഒ. രേഖകളുടെ മികച്ച പരിശോധനാ സംവിധാനം, ഡേറ്റാ സുരക്ഷിതത്വം, നിർവഹണവേഗം, ഉദ്യോഗസ്ഥ തലത്തിലെ കാര്യക്ഷമമായ മേൽനോട്ടം തുടങ്ങിയവയാണ് പുതിയ സംവിധാനത്തിന്റെ സവിശേഷതകൾ.

✪✪✪

കോസ്റ്റ് ഗാർഡിന്റെ നേതൃത്വത്തിൽ മലിനീകരണ നിയന്ത്രണ അഭ്യാസ പരിപാടിയ്ക്ക് തിരുവനന്തപുരത്ത് തുടക്കമായി. വിഴിഞ്ഞത്ത് രണ്ട് ദിവസത്തെ പരിപാടി നാളെ സമാപിക്കും.

തിരുവനന്തപുരത്ത് നിന്ന് രെജു കോലിയക്കോട്

............വോയ്സ്..........

വിഴിഞ്ഞം കോസ്റ്റ് ഗാർഡ് സ്റ്റേഷന്റെ നേതൃത്വത്തിലാണ് രണ്ട് ദിവസം നീളുന്ന മലിനീകരണ നിയന്ത്രണ അഭ്യാസപരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. കടലിൽ മലിനീകരണം ഉണ്ടാകുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എല്ലാ ഏജൻസികളിൽ നിന്നുമുള്ള ആവശ്യമായ തയ്യാറെടുപ്പിന്റെ നിലവാരത്തെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം.

ഒരു സാങ്കൽപ്പിക അപകടം പരിഗണിക്കുകയും ഓരോ ഏജൻസിയും അവർ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് ചർച്ച ചെയ്യുകയും അത് എങ്ങനെ നടപ്പിലാക്കുന്നു എന്നതുമൊക്കെ ഈ പരിശീലന പരിപാടിയിലൂടെ ജനങ്ങളിൽ എത്തിക്കും.

മലിനീകരണ നിയന്ത്രണ ഉപകരണങ്ങളുടെ യഥാർത്ഥ വിന്യാസവും പ്രവർത്തനവും പരിപാടിയുടെ ഭാഗമായി പ്രദർശിപ്പിക്കും. അദാനി വിഴിഞ്ഞം തുറമുഖവും പരിശീലന പരിപാടിയിൽ പ്രധാന പങ്ക് വഹിക്കുന്നുണ്ട്.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, മലിനീകരണ നിയന്ത്രണ ബോർഡ് CMFRI, തിരുവനന്തപുരം, കൊല്ലം കളക്ടറേറ്റുകൾ, ഫിഷറീസ് വകുപ്പ്, കേരള പോലീസ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, എണ്ണ കൈകാര്യം ചെയ്യുന്ന ഏജൻസികൾ, മറ്റ് ഏജൻസികൾ എന്നിവയിൽ നിന്നുള്ള പ്രതിനിധികൾ അഭ്യാസത്തിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

18-ാമത് കേരള രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വ ചലച്ചിത്ര മേളയ്ക്ക് നാളെ തിരുവനന്തപുരത്ത് തുടക്കമാകും. സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന മേള ഈ മാസം 30 വരെ കൈരളി, ശ്രീ, നിള തിയേറ്ററുകളിലായാണ് സംഘടിപ്പിക്കുന്നത്. GST ഉൾപ്പെടെ പൊതുവിഭാഗത്തിന് 590 രൂപയും വിദ്യാർത്ഥികൾക്ക് 354 രൂപയുമാണ് ഡെലിഗേറ്റ് ഫീസ്. ഡെലിഗേറ്റ് കിറ്റിന്റെയും പാസിന്റെയും വിതരണം മന്ത്രി പി സി വിഷ്ണുനാഥ് ഇന്നലെ ഉദ്ഘാടനം ചെയ്തു.

✪✪✪

ജപ്പാനിലെ ഐച്ചി-നഗോയയിൽ ഏഷ്യൻ ഗെയിംസിന്റെ അഞ്ചാം ദിവസം, വനിതകളുടെ 60 കിലോ വുഷുവിൽ റോഷിബിന ദേവി വെള്ളിമെഡൽ നേടി. ചൈനയായിരുന്നു എതിരാളി. ഏഷ്യൻ ഗെയിംസിൽ റോഷിബിന നേടുന്ന തുടർച്ചയായ മൂന്നാമത്തെ മെഡലാണിത്.

സ്ക്വാഷ് മിക്സഡ് ഡബിൾസിൽ, ജോഷ്ന ചിന്നപ്പയും, വേലവൻ സെന്തിൽകുമാറും നാളെ ക്വാർട്ടർ ഫൈനലിൽ, ഫിലിപ്പീൻസിനെ നേരിടും. മിക്സഡ് സ്കീറ്റ് ഫൈനലിലേക്ക് അനന്ത്ജീത് സിംഗും, പരിനാസ് ധാലിവാളും യോഗ്യത നേടി.

ശ്രീജ അകുലയും സിൻഡ്രെല ദാസും, ടേബിൾ ടെന്നീസ് വനിതാ ഡബിൾസ് പ്രീ-ക്വാർട്ടറിൽ പ്രവേശിച്ചു.

✪✪✪

ഏഷ്യൻ ഗെയിംസിൽ വെങ്കല മെഡൽ നേടിയ ഇന്ത്യൻ പുരുഷ ബാഡ്മിന്റൺ ടീമിനെ രാഷ്ട്രപതി ദ്രൗപദി മുർമു അഭിനന്ദിച്ചു. ടീമിന്റെ നിശ്ചയദാർഢ്യവും അതിജീവനശേഷിയും പോരാട്ടവീര്യവുമാണ് മികച്ച നേട്ടത്തിലൂടെ പ്രതിഫലിക്കുന്നതെന്ന് രാഷ്ട്രപതി സാമൂഹികമാധ്യമത്തിൽ കുറിച്ചു.

✪✪✪

പുരുഷന്മാരുടെ സ്കീറ്റ് ടീം ഇനത്തിൽ വെങ്കല മെഡൽ നേടിയ അനന്ത്ജീത് സിംഗ് നരുക്ക, ഭവ്തേഗ് സിംഗ് ഗിൽ, മൈരാജ് അഹമ്മദ് ഖാൻ എന്നിവരെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ഇവരുടെ ഏകാഗ്രതയും ടീം വർക്കും മാതൃകാപരമാണെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ഡൽഹിയിൽ 65-ാമത് അണ്ടർ-17 സുബ്രതോ കപ്പ് ഫുട്ബോൾ ഫൈനലിൽ കേരളവും പഞ്ചാബും ഏറ്റുമുട്ടും. വൈകീട്ട് ആറിനാണ് മത്സരം.

കൂടുതൽ വിവരങ്ങളുമായി സുരേഷ് എടപ്പാൾ.....

(വോയ്സ് )....

✪✪✪

കോഴിക്കോട്ട് 68-ാമത് സംസ്ഥാന സ്കൂൾ കായികമേളയുടെ സ്വാഗതസംഘം ഓഫീസ് നാളെ വൈകിട്ട് മന്ത്രി ഒ. ജെ. ജെനീഷ് ഉദ്ഘാടനം ചെയ്യും. മേളയുടെ പ്രധാന വേദിയായ ചിന്മയ ഓഡിറ്റോറിയത്തിലാണ് ചടങ്ങ്. MLAമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, DDE, ജനപ്രതിനിധികൾ, കായികതാരങ്ങൾ, വിവിധ സബ് കമ്മിറ്റി ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

ഇന്നലെ അന്തരിച്ച സൂര്യ കൃഷ്ണമൂർത്തിയുടെ ഭൗതിക ദേഹം, തിരുവനന്തപുരം തൈക്കാട്ടെ വസതിയിൽ പൊതുദർശനത്തിന് വെച്ചു. വൈകിട്ട് തൈക്കാട് ശാന്തി കവാടത്തിലാണ് സംസ്കാരം.

✪✪✪

തദ്ദേശ ഭരണകൂടങ്ങൾക്കുണ്ടായിരുന്ന മദ്യ നിയന്ത്രണാധികാരങ്ങൾ പുനഃസ്ഥാപിക്കണമെന്നും LP ക്ലാസ് മുതൽ പാഠഭാഗങ്ങളിൽ ലഹരികൾക്ക് എതിരെ പ്രബോധന ചിത്രങ്ങൾ ഉൾപ്പെടുത്തണമെന്നും കേരള മദ്യ നിരോധന സമിതി സംസ്ഥാന പ്രസിഡണ്ട് ഇയ്യച്ചേരി കുഞ്ഞികൃഷ്ണൻ ആവശ്യപ്പെട്ടു. തിരുവനന്തപുരത്ത് മന്ത്രി എം.ലിജുവുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് ആവശ്യം ഉന്നയിച്ചത്.

✪✪✪

നിയമസഭാ സബ് കമ്മിറ്റിയുടെ ആറളം ഫാം സന്ദർശനവുമായി ബന്ധപ്പെട്ട തെളിവെടുപ്പ് നടപടികൾ അട്ടിമറിച്ചതായി ആദിവാസി ഗോത്രമഹാസഭ സംസ്ഥാന കോർഡിനേറ്റർ എം. ഗീതാനന്ദൻ കണ്ണൂരിൽ കുറ്റപ്പെടുത്തി.

വിഷയത്തിൽ ആദിവാസി പുനരധിവാസമിഷൻ ഉദ്യോഗസ്ഥരുടെയും, ആറളം ഫാമിംഗ് കോർപ്പറേഷനിലെ ഉദ്യോഗസ്ഥരുടെയും ഇടപെടലുകളെക്കുറിച്ച് അന്വേഷിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

✪✪✪

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തൃശ്ശൂർ, എറണാകുളം, ഇടുക്കി, പാലക്കാട് ജില്ലകൾ ഉൾപ്പെടുന്ന മേഖലാ ഫയൽ അദാലത്ത് മറ്റന്നാൾ നടത്തും. തൃശ്ശൂർ കാൽഡിയൻ സിറിയൻ സ്കൂളിൽ, രാവിലെ 7.45 മുതലാണ് അദാലത്ത്.

പൊതുവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിലെ ഫയലുകളും പരാതികളും പരിഗണിച്ച് സമയബന്ധിതമായി പരിഹാരം കാണുന്നതിനാണ് അദാലത്ത്.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader : സബിത കെ*
*News Team: ഫസ്ന ഫാത്തിമ, നിമിഷ ജി*
*DEO:  സി കെ സുബോധ്*